കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail-doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -5/1949/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം ജില്ല
തീയതി: 09.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക്പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

(ഉപരിപത്രം സഹിതം)
2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ,കൊല്ലം.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-5/1949/2017 തീയതി:09.11.2017

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ

കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് 12.03.2017 മുതൽ 24.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗീസ് ജോസഫ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിനായി | 25.10.2017 മുതൽ |

| | |
|---|---|
| വിനിയോഗിച്ച സമയം | 31.10.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. വി മണിലാൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. മഞ്ജുളാസാഗർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ബിന്ദു നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മായാ സുരേഷ് | 1.4.2016 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ.പി.എസ്.നീലകണ്ഠപ്രസാദ് | 01.04.16 മുതൽ 15.06.16വരെ |
| | ശ്രീ. ഗോഡ്സൺ രസജ്ഞം (incharge) | 16.06.16 മുതൽ 06.07.16 വരെ |
| | ശ്രീമതി.റ്റി.ബീനാകുമാരി | 07.07.16 മുതൽ 31.03.17 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ:

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.വിമലാ ദേവി | 01.04.16 മുതൽ 31.10.16 വരെ |
| | ശ്രീമതി. രഞ്ജിനി എൽ(പൂർണ്ണ അധിക ചുമതല) | 1.11.2016 മുതൽ 14.12.2016 വരെ |
| | ശ്രീമതി.രമണി റോസ് | 15.12.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.സി.വി.പൗർണ്ണമി | 01.04.2016 മുതൽ 31.03.17 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.ജേക്കബ് മാരിയോ | 01.04.2016 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ.സാനി എൻ.സോമൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.ജാസ്മി ജമാൽ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീ.അരുൺ ജെ.രഞ്ജ് | 01.04.2016 മുതൽ 21.11.16 വരെ |
| | ശ്രീമതി.സ്മിത എസ് | 22.11.16 മുതൽ 31.03.17 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. സി ഗീത | 01.04.16 മുതൽ 28.02.17 വരെ |
| | ശ്രീമതി. ഷീജാ ബീവി | 01.03.17 മുതൽ |

| | | |
|---|---|---|
| | | 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 27.02.2016 തീയതിയിലെ

ബജറ്റ് കമ്മിറ്റി 1 -ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ള തിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 31.10.2017 | |

## 1-3 വാർഷിക ധനകാര്യപത്രിക- അപാകതകൾ

| | |
|---|---|
| 1 | Treasury TSB Account ന്റെ നീക്കിയിരിപ്പായ 66,74,108/- രൂപ, treasury statement മായി പൊരുത്തപ്പെടുന്നില്ല. |
| 2 | IAY- PLAN Subsidiary ഇനത്തിൽ നീക്കിയിരിപ്പായി നിൽക്കുന്ന 2,57,33,053/- രൂപ, bank statement പ്രകാരം പൊരുത്തപ്പെടുന്നില്ല. |
| 3 | 2012-13 സാമ്പത്തിക വർഷത്തിന് ശേഷം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തിയുടെ മൂല്യം വാർഷിക കണക്കുമായി താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല. |
| 4 | കാലഹരണപ്പെട്ട deposit തുകകൾ വർഷങ്ങളായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 74062612/- |
| വരവ് | 78371490/- |

| | |
|---|---|
| ആകെ | 152434102/- |
| ചെലവ് | 108181262/- |
| നീക്കിയിരിപ്പ് | 442522840/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 17681477 | 1768177 | 17681477 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | - | 13347915 | 13347915 | 13347915 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | - | 177048 | 177048 | 177048 | - | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3214578 | 3214578 | 3214578 | - | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | - | - | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ.ഇ.ജി.എസ്. | - | - | - | - | - | - |
| ബി ഫണ്ട് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 82 | 50320588 | 53 | 34361018 | 4 | 25 | 64.63 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2017 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.08.2016 | 04/16 മുതൽ 06/16 വരെ | 01.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.01.2013 | 2007-08 മുതൽ 2011-12 വരെ | 08.03.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** ഇ- ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ- ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല.

2016-17 -ൽ വിവിധ മരാമത്ത് പണികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച 21,900/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്കുപഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. 21,900/- രൂപയും വാറ്റും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്കുപഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1** പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ റൂം സജ്ജീകരണം-പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രീമെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ റൂം സജ്ജീകരിക്കുന്നതിനായി തൻവർഷം രണ്ട് പ്രോജക്റ്റുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭിക്കുകയുണ്ടായി. അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി പ്രോജക്റ്റ് നം.72/17പ്രകാരം കമ്പ്യൂട്ടർ റൂം വൈദ്യുതീകരണത്തിനുവേണ്ടി 76,019/- രൂപയും (ബിൽ നം.13/16-17/30.3.2017) പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 71/17 പ്രകാരം കമ്പ്യൂട്ടർ റൂമിലേക്ക് ഫർണ്ണീച്ചറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി 56,090/- രൂപയും (ബിൽ നം.3/16-17/9.3.2017) എസ്.സി.പി. ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രീമെട്രിക് ഹോസ്റ്റലിൽ നടത്തിയ സ്ഥലപരിശോധനയിൽ കമ്പ്യൂട്ടർ റൂമിനായി തെരഞ്ഞെടുത്ത മുറിയിൽ അതിനാവശ്യമായ വൈദ്യുതീകരണം നടത്തുകയോ കമ്പ്യൂട്ടർറൂമായി സജ്ജീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. പകരം

ഹോസ്റ്റലിലെ വിവിധ സ്ഥലങ്ങളിൽ വൈദ്യുതീകരണവും അറ്റകുറ്റപ്പണികളും നടത്തുകയാണുണ്ടായത്. കൂടാതെ സ്റ്റീൽ കമ്പ്യൂട്ടർ ടേബിൾ, റിവോൾവിംഗ് ചെയർ, സ്റ്റീൽ കാബിനറ്റ്, റബർ ഫ്ലോർ മാറ്റ് എന്നിവ വാങ്ങിയെങ്കിലും അവയും കമ്പ്യൂട്ടർ റൂമിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/30.10.2017-ന് മറുപടി ലഭിച്ചിട്ടില്ല.
പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പ്രവർത്തി നടത്തിയതിന് നിർവഹണ ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 പാരിപ്പള്ളി പി.എച്ച്.സി.,കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന ഉപകരണം സ്ഥാപിക്കൽ- ചെലവുകൾക്ക് അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.92/17 പ്രകാരം പാരിപ്പള്ളി പി.എച്ച്.സി., കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന ഉപകരണം സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 9,00,000/- രൂപ പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും ബിൽ നം.48/16-17/31.3.2017 മുഖേന കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിനുള്ള രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, പ്രോജക്റ്റ് , പ്രവൃത്തി ചെയ്തതിന്റെ ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/30.10.2017 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 9,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ച മൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു

ഓഡിറ്റ് കാലയളവിൽ ബ്ലോക്കുപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം വലിയതോതിൽ പദ്ധതിപ്പണം നഷ്ടപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ അലോട്ട് മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 26086570 | 17681477 | 67.78 | 8405093 |
| വികസന ഫണ്ട്(എസ്.സി.പി.) | 20842392 | 13347915 | 64.00 | 7494477 |
| വികസന ഫണ്ട്(ടി.എസ്.പി.) | 177048 | 177048 | 100 | ഇല്ല |
| സംരക്ഷണഗ്രാന്റ് | 5166207 | 3214578 | 62.22 | 1951629 |
| ആകെ | 52272217 | 34441018 | 65.88 | 17851199 |

ബ്ലോക്കുപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യവികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമാകുമായിരുന്ന തുകയാണ് പാഴായി പോയത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ബ്ലോക്കപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വൻതുക പാഴായിപ്പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 <u>പത്താംതരം തുല്യതാപഠനം- രേഖകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 2/17 പ്രകാരം പത്താംതരം തുല്യതാപഠനത്തിനായി 21 ഗുണഭോക്താക്കൾക്കായി രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ എന്നീയിനങ്ങളിലായി 1,600/- രൂപ നിരക്കിൽ വികസനഫണ്ടിൽ നിന്നും 33,600/-രൂപ (ബിൽ നം.10/16-17/30.11.16 =25,600/-, ബിൽ നം.35/16-17 /31.3.2017=8,000) കേരള സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിനുള്ള രസീത്, സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാപരീക്ഷയിൽ പങ്കെടുത്തവരുടെ പേരുവിവരം, പരീക്ഷ പാസ്സായവരുടെ വിവരം, തുകയുടെ വിനിയോഗക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് 33,600/- രൂപയുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഡെപ്പോസിറ്റ് വർക്കുകൾ - നിർവ്വഹണത്തിൽ അപാകതകൾ.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള താഴെ വിവരിക്കുന്ന പ്രോജക്ടുകളിൽ വിവിധ കുടിവെള്ളപദ്ധതികൾക്കായി കേരളാ വാട്ടർ അതോറിറ്റി കൊല്ലം പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അവരുടെ എസ്റ്റിമേറ്റുകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കിനത്തിൽ മുൻകൂറായി താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്;

| ക്രമ നം. | പ്രോജക്റ്റ്നം./പേര് | ഫണ്ടിനം | നൽകിയ തുക | ബിൽ നം. |
|---|---|---|---|---|
| 1. | 44/17-പട്ടികജാതിക്കാർക്കുള്ള കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. | എസ്.സി.പി. | 3794000 | 13/16-17 13.01.2017 |
| 2. | 76/17- ടി- | -ടി- | 944000 | 18/16-17 23.02.2017 |
| 3. | 90/17-പൂതക്കുളം ഗ്രാമപഞ്ചായത്തിലെ വാർഡ് 18-ൽപണ്ടാരവിള ഭാഗത്ത് പൈപ്പ് ലൈൻഎക്സ്റ്റൻഷൻ. | വികസന ഫണ്ട്(പൊതു) | 500000 | 36/16-17 31.3.2017 |
| 4. | 64/17-ചിറക്കര ഗ്രാമപഞ്ചായത്തിലെ കൊച്ചാലുമ്മൂട് വാർഡിൽ മോഹൻദാസ് വീട്ടു മുതൽ രാമചന്ദ്രൻ വീട്ടുവരെയുള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. | എസ്.സി.പി. | 550000 | 14/16-17 13.1.2017 |
| 5. | 43/17-കുടിവെള്ള പദ്ധതി- | വികസന | 2845000 | 12/16-17 |

| | | | | |
|---|---|---|---|---|
| | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ. | ഫണ്ട്(പൊതു) | | 13.1.2017 |
| | ആകെ | | 8633000 | |

ടി പ്രോജക്റ്റുകൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു
1) 30.07.2014-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(പി) 311/14/ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ, ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15%-ൽ കവിയാതെ 5 ഗഡുക്കളായും ആണ് നല്കേണ്ടത്. എന്നാൽ ഇതിനുവിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി.

2) ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ 12.50% നിരക്കിൽ സെന്റേജ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്.

3) ജി.ഒ.(എം.എസ്.)4/2016 ത.സ്വ.ഭ.വ. തീയതി 11.01.2016 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കരാർ ചമയ്ക്കാതെയാണ് മുൻകൂർ തുകകൾ നൽകിയിരിക്കുന്നത്.

4) ടി പദ്ധതികളുടെ ധനവിനിയോഗസാക്ഷ്യപത്രവും പ്രവൃത്തി ചെയ്തതിന്റെ വിശദമായ ബില്ലുകളും ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/30.10.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത കൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 രേഖകൾ ഹാജരാക്കിയില്ല- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക -3,21,000/-

2016-17 വർഷം അസിസ്റ്റൻറ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ നിർവ്വഹണം നടത്തിയ എസ്.00059/17- ജൈവപച്ചക്കറികൃഷി വ്യാപനം-(വികസനഫണ്ട്-3,21,000/-രൂപ, ബിൽ നം.2/16-17-3,21,000/-രൂപ, 25/3/2017) എന്ന പദ്ധതിയിൽ 214 കുടുംബശ്രീ ഗ്രൂപ്പുകൾക്കായി റെയ്ഡ്കോയിൽ നിന്നും വളം വാങ്ങിയതിന് (ബിൽ നം.180/23.3.17) 1,92,600/-രൂപയും വി.എഫ്.പി.സി.കെ യിൽ നിന്നും പച്ചക്കറി വിത്ത് വാങ്ങിയതിന് (ബിൽ നം. 16-17/2641) 42,800/-രൂപയും ലേബർ കോസ്റ്റ്

ആയി 85,600/-രൂപയും നൽകിയിട്ടുണ്ട്.

ഓരോ ഗ്രാമപഞ്ചായത്തിലേയും ഗുണഭോക്തൃ ലിസ്റ്റ് , അപേക്ഷകൾ, കൃഷി നടത്തിയതിൻെറ വിശദാംശങ്ങൾ എന്നിവ പരിശോധനക്കു ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.9)നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച 3,21000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നത് എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 സി.ഡി.പി.ഒ വർഷം നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

2016-17 സി.ഡി.പി.ഒ വർഷം നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1) എസ്.0054/17- സ്കൂട്ടർ വിത്ത് സൈഡ് വീൽ

വികസനഫണ്ടിൽ നിന്നും 5,99,159/-രൂപ വകയിരുത്തിയ പദ്ധതിയിൽ 5,40,000/-രൂപ 8 സ്കൂട്ടറുകളുടെ വിലയായ് ടോപ്പ് ഗിയർ ഹീറോസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട് (സ്കൂട്ടർ- 53,880/-, സൈഡ് വീൽ-10,000/-, ഇൻഷ്വറൻസ്, ടാക്സ്, രജിസ്ട്രേഷൻ, ട്രാൻസ്പോർട്ടേഷൻ-3,620/-). എന്നാൽ ഫയൽ പരിശോധിച്ചതിൽ 7 കാഷ് ബില്ലുകൾ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ. കാഷ്ബില്ലിൽ സ്കൂട്ടറിൻെറ വിലയായ 53,880/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സൈഡ് വീൽ, ഇൻഷ്വറൻസ്, ടാക്സ്, രജിസ്ട്രേഷൻ, ട്രാൻസ്പോർട്ടേഷൻ എന്നിവയുടെ വിശദാംശങ്ങൾ ഇല്ല.

ഫയലിൽ ഉൾപ്പെടുത്തിയ 8 ഗുണഭോക്താക്കളുടെ വിശദാംശങ്ങളിൽ ഷൗക്കത്ത്, വസന്തകുമാരി, സന്തോഷ് കുമാർ.എസ്, ഫിലിപ്പ്.എം, സന്തോഷ്.ബി, ചിറക്കരത്താഴം, സദാശിവൻ ആചാരി എന്നിവരുടെ വാഹനത്തിൻെറ ഇൻഷ്വറൻസ് രേഖകൾ, ലൈസൻസ് എന്നിവ ഫയലിൽ ഇല്ല.

ജി.ഒ(ആർ.ടി)നം. 279/2014/സാമൂഹ്യനീതി വകുപ്പ്, 24/4/14 പ്രകാരം 120 സി.സി യിൽ കുറയാത്ത ഫ്രണ്ട് ഫ്യൂവൽ ഉള്ള സ്കൂട്ടർ ആണ് ഇത്തരം പദ്ധതികൾക്കായി വിതരണം ചെയ്യേണ്ടത്. എന്നാൽ ഫയൽ

പരിശോധിച്ചതിൽ 112 സി.സി സ്കൂട്ടർ ആണ് വിതരണം ചെയ്തിരിക്കുന്നത്.

2)എസ്.0057/17- ജില്ലാ-ഗ്രാമ-പഞ്ചായത്തുകൾ നിർവ്വഹണം നടത്തുന്നത് ഒഴികെയുള്ള സർക്കാർ - എയിഡഡ് സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ സംസ്കരണയൂണിറ്റ് സ്ഥാപിക്കൽ

വികസനഫണ്ടിൽ നിന്നും 13,11,365/-രൂപ വകയിരുത്തിയ പദ്ധതിയിൽ ബിൽ നം.5/16-17,8,13,000/-രൂപ യോങ് ഇൻഡ്യാ എൻറർപ്രൈസസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. യോങ് ഇൻഡ്യാ എൻറർപ്രൈസസ് 18 സ്കൂളുകൾക്കായി നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ഇൻസിനറേറ്റർ, ഷീ പാഡ്, സ്റ്റീൽ അലമാര, വാട്ടർ പ്യൂരിഫയർ എന്നിവ വിതരണം ചെയ്തു. ഏതാനും സ്കൂളുകളിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ഇൻസിനറേറ്റർ എന്നിവ കേടായ നിലയിൽ കാണപ്പെട്ടു. നാപ്കിൻ വെൻഡിംഗ് മെഷീൻ പോഷ് വെൻഡ് എന്ന സ്ഥാപനത്തിൻറെയും നാപ്കിൻ ഇൻസിനറേറ്റർ പോഷ് ബർണർ എന്ന സ്ഥാപനത്തിൻെറ യുമാണ്. വാട്ടർ പ്യൂരിഫയറിൽ കമ്പനിയുടെ പേരൊന്നും രേഖപ്പെട്ടു ത്തിയിട്ടില്ല. വാറൻറി കാർഡുകൾ യാതൊന്നും കൈമാറിയിട്ടില്ല.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

2016-17 വർഷം ക്ഷീരവികസന ഓഫീസർ, നിർവ്വഹണം നടത്തിയ എസ്.00040/17-പാലിന് സബ്സിഡി -(വികസനഫണ്ട്-2156330/-രൂപ, ബിൽ നം.1/16-17-17,56,330/-രൂപ, 02.03./2017, ബിൽ നം.2/16-17, 4,00,000/-രൂപ,14.3.17) എന്ന പദ്ധതിയിൽ അഞ്ചു ഗ്രാമപഞ്ചായത്തുകൾക്ക് സബ്സിഡി തുക നൽകിയിട്ടുണ്ട്. ഇവയിൽ കല്ലുവാതുക്കൽ(9,00,000/-രൂപ) ആദിച്ചനല്ലൂർ (2,81,330/-)എന്നീ ഗ്രാമപഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

## 3-9 മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ,കലയ്ക്കോട്, നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1)ക്യാൻസർ നിർണ്ണയവും ക്യാൻസർ രോഗികൾക്ക് മരുന്നു വാങ്ങലും- എസ്.045/17- (എസ്.സി.പി)

ബിൽ നം.6/16-17, 21.1.17 പ്രകാരം 1,00,000/- രൂപ പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയെങ്കിലും ക്യാമ്പ് തീരുന്നതുവരെയും മരുന്നുകൾ യാതൊന്നും ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകാതെ എപ്രകാരം ക്യാമ്പ് നടത്തി എന്ന് വ്യക്തമല്ല.

പ്രസ്തുത പദ്ധതി ആവിഷ്ക്കരിച്ച നടപ്പാക്കിയതിൻെറ ഗുണഫലങ്ങൾ വ്യക്തമല്ല.

ക്യാമ്പിൽ പങ്കെടുത്ത 5 ഗ്രാമ പഞ്ചായത്തിലേയും ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കിയില്ല.

2) രണ്ടാം ഘട്ട സാന്ത്വന പരിചരണം-എസ്.0029/17- എന്ന പദ്ധതിയിൽ ബിൽ നം.5/16-17 , 21.1.17 പ്രകാരം 1,75,000/- രൂപയും വൃദ്ധർക്കുള്ള മരുന്ന വാങ്ങൽ എന്ന പദ്ധതിയിൽ ബിൽ നം.1/16-17, 26.10.2016 പ്രകാരം 7,09,150/- രൂപയും വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയെങ്കിലും രണ്ടു പദ്ധതികളിലും യഥാക്രമം 1,20,214/-രൂപയുടേയും 9,41,257/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ബാക്കി മരുന്നുകൾ ലഭിക്കാനായി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-10** ചെലവിന്റെ വൗച്ചറുകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല **-45000/-** തടസ്സപ്പെടുത്തുന്നു

2016-17 വൗച്ചർ പരിശോധനയിൽ തനത് ഫണ്ടിൽ നിന്നും വന്ന ചെലവിന്റെ വൗച്ചറുകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം | ചെക്ക് നം./ തീയതി | തുക |
|---|---|---|---|
| 1 | CB-No. 22/2016-17<br>IWMP ജൂൺ 5-പരിസരദിനത്തിന് നൽകിയ തുക | 210508/ 27.5.2016 | 40000/- |
| 2 | CB-No.53/2016-17 | 210555/ | 2500/- |

| | | | |
|---|---|---|---|
| | വാഹനമായ KL-02-AK-4410 സർവ്വീസ് സെന്ററിലേക്ക് റിക്കവറി വാനിൽ കയറ്റിയ ഇനത്തിൽ | 25.8.16 | |
| 3 | CB-No.55 /2016-17<br>തടി ലേലം | 210559/<br>31.8.16 | 1450/- |
| 4 | CB-No.56/2016-17<br>തടി ലേലം | 210560/<br>31.8.16 | 1450/- |
| | | ആകെ | 45400/- |

ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ 45,400/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് | 2016-17 | 250000/- | ചാത്തന്നൂർ സബ്ട്രഷറി കൊച്ചുപാലം റോഡിന്റെ കോൺക്രീറ്റിംഗ് | 250000/- | - |
| ചാത്തന്നൂർ ഗ്രാമ പഞ്ചായത്ത് | 2016-17 | 250000/- | ചാത്തന്നൂർ സബ്ട്രഷറി കൊച്ചുപാലം റോഡിന്റെ കോൺക്രീറ്റിംഗ് | 250000/- | - |

| | | | | | |
|---|---|---|---|---|---|
| കല്ലുവാതുകൽ ഗ്രാമ പഞ്ചായത്ത് | 2016-17 | 286055/- | വിലവൂർകോണം വാർഡിൽ കാട്ടുമ്പുറം ജംഗ്ഷൻ മുതൽ മേങ്ങാഴി പൊയ്കയിൻ വരെയുള്ള റോഡ് കോൺക്രീറ്റിംഗ് | 286055/- | - |
| കല്ലുവാതുകൽ ഗ്രാമ പഞ്ചായത്ത് | 2016-17 | 300000/- | കാലിത്തീറ്റ സബ്സിഡി | 300000/- | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 3854231/- | PMAY 2016-17 | 3854231/- | - |
| ആദിച്ചനല്ലൂർ ഗ്രാമ പഞ്ചായത്ത് | 2016-17 | 2880000/- | PMAY | 2880000/- | - |
| പൂതകുളം ഗ്രാമ പഞ്ചായത്ത് | 2016-17 | 27400000/- | PMAY | 27400000/- | - |
| ചിറക്കര ഗ്രാമ പഞ്ചായത്ത് | 2016-17 | 1185000/- | PMAY | 1185000/- | - |
| കല്ലുവാതുകൽ ഗ്രാമ പഞ്ചായത്ത് | 2016-17 | 1625000/- | PMAY | 1625000/- | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | നം. | | | |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീറ്റൽ | | 8633000/- | - | വിനിയോഗ സർട്ടിഫികറ്റ് ലഭിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| IAY സംസ്ഥാന സർക്കാർ അധിക ധനസഹായം | 13616454/- | 13616454/- | 150000/- | 110455/- | 13466454 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1997-98 | 2001-02 | നെൽകൃഷിക്കാർക്ക് മൺവെട്ടി വിതരണം പാഴ്ചെലവ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78371490 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108181262 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1300000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 900000 | ശ്രീമതി.ബീനാ കുമാരി റ്റി, സെക്രട്ടറി |
| 3-4 | 33600 | ശ്രീമതി.ബീനാ കുമാരി റ്റി, സെക്രട്ടറി |
| 3-6 | 321000 | ശ്രീ.ജേക്കബ് മാരിയോ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 | 45400 | ശ്രീമതി. ബീനാ കുമാരി റ്റി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദി കളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | - | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99<br>2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1525(06)/14<br>തീയതി 08.07.2014 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.1525(05)/14<br>തീയതി 08.07.2014 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.1525(04)/14<br>തീയതി -08.07.2014 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.1525(03)/14<br>തീയതി 08.07.2014 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1525(02)/14<br>തീയതി 08.07.2014 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1525(01)/14<br>തീയതി 08.07.2014 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി.1077/14<br>തീയതി 21.07.2014 |
| 2012-13 &<br>2013-14 | എൽ.എഫ്.ക്യൂ.ഡി.ബി.3039/14<br>തീയതി 30.05.2015 |
| 2014-15 | കെ എസ് എ.കെ.എൽ.എം. ഡി.ബി.1673/16 തീയതി 20.01.2017 |
| 2015-16 | കെ എസ് എ. കെ എൽ എം.-ഡി ബി- 829/2017<br>തീയതി 01.07.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-പി-5/1949

തീയതി.09.11.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഫീസ്, കൊല്ലം